## രക്തസാക്ഷി

പുഴ കരയോടു പറഞ്ഞു:
'നാം ഇനി കണ്ടെന്നു വരില്ല
പോവുകയാണു ഞാൻ
വിട തരികെനിക്കു നീ'
കര വിതുമ്പി:
'നീ പോയാൽ
ഞാനൊറ്റക്ക്.
ഭയമാകുന്നെനിക്ക്'
പുഴ പറഞ്ഞു:
'പ്രാർത്ഥിക്കുക നീ
സ്വർഗത്തിലൊരു
അരുവിയാകാനും
അതിലൊരു മൺതിട്ട
യാകാനും'
അപ്പോഴൊരു
ടിപ്പർ ലോറി വന്ന്
ഒരു വൻ മൺകൂന
അവർക്കു മേൽ ചൊരിഞ്ഞു
അങ്ങനെ അവർ
രക്തസാക്ഷികളായി

**പുത്തൂർ ഇബ്റാഹീം കുട്ടി**

## മൗണ്ട് സീനായിൽ മൂന്നുനാൾ

'സീനാമല'യിലൊരു
സുകൃതപ്പെരുമഴ!
രണ്ടുരാവും
മൂന്നു പകലും.
കാറ്റില്ല, കോളില്ല,
ഊറ്റം ചീറ്റിയലറു-
മപശബ്ദങ്ങൾ തൻ
ഇടിമുഴക്കങ്ങളില്ല.
പ്രശാന്തമൊരുണർത്തു
പാട്ടിന്നിളം-
കുളിരീണം പോലെ,
മലപെയ്തൊഴുക്കി
താഴ്വാരങ്ങളുടെ
ദാഹനിർഝരി.
തുള്ളിക്കൊരുകുടം
പെയ്ത
ചിന്താധാരകളുടെ-
യിടവേളകളിൽ
സൗഹൃദങ്ങളുടെ
കൂടു തുറന്നു-
ജീവരാഗക്കിളികൾ!
പെയ്തൊഴിയലിന്റെ
മൊഴിപ്പൊരുളുകൾ
ഉള്ളം നിറഞ്ഞു
തുളുമ്പവേ,
പ്രജ്ഞയുടെ കൺപീലി-
ത്തുമ്പിലൂറിയിറ്റി
'ഇന്നലെ'കളുടെ
ഓർമത്തുള്ളികൾ.
പിന്നെ-
കുളിച്ചു തോർത്തിയ
ആത്മവീര്യത്തിന്റെ
ചുവടുകൾ വെച്ചു-
വെളിച്ചത്തിന്റെ
നിയോഗവഴികൾ!

**മുഹമ്മദ്കുട്ടി ഇരിമ്പിളിയം**

## ഉത്തരവാദി

പണ്ട് ഒരു കാക്ക എന്റെ കരൾ-
കൊത്തിപ്പറന്നു
അന്നുതന്നെ എന്റെ ഹൃദയം പറി-
ച്ചെടുത്തു ഒരു ചെന്നായയും!
അന്നുമുതൽ നിങ്ങളെന്നെ സ്നേഹ-
മില്ലാത്തവനെന്ന് വിളിക്കാൻ തുടങ്ങി!
എന്നാൽ കാക്കയും ചെന്നായയും നിങ്ങ-
ളാണെന്ന് എനിക്കല്ലാതെ മറ്റ്-
ആർക്കറിയും!

## തീവ്രവാദി

സത്യങ്ങളെല്ലാം മനസ്സിനകത്ത് വെച്ചു-
പൂട്ടി നാവ് കൊണ്ട് മുദ്ര വെക്കാൻ-
പഠിക്കണം
വേണ്ടത് മറക്കാനും വേണ്ടാത്തത്-
പഠിക്കാനും പഠിക്കണം!
നാടോടുമ്പോൾ നടുവെ!
നോക്കൂ! എങ്ങനെ ഒരു തീവ്രവാദി-
ക്ക് ഇല വിരിയാതിരിക്കും!

**ഇബ്റാഹീം പൊന്നാനി**